# ഈദുൽ ഫിത്വ്ർ നിസ്കാരം

അല്ലാഹുവിന്റെ തിരുനാമത്തിൽ, അവനാണ് സർവ്വസ്തുതിയും, മുഹമ്മദ് നബി (സ്വ) യിലും കുടുംബത്തിലും അനുചരന്മാരിലും അല്ലാഹുവിന്റെ സ്വലാത്തും സലാമും സദാ വർഷിക്കട്ടേ.

വളരെ പ്രധാനപ്പെട്ട സുന്നത് നിസ്കാരമാണ് രണ്ട് പെരുന്നാൾ നിസ്കാരങ്ങൾ (ചെറിയ പെരുന്നാളെന്ന ഈദുല്ഫിത്റും വലിയ പെരുന്നാളെന്ന ഈദുല് അദ്ഹായും). സുന്നത്ത് നിസ്കാരങ്ങളിൽ വെച്ച് ഏറ്റവും അഫ്ളലായ നിസ്കാരങ്ങളാണ് രണ്ട് പെരുന്നാൾ നിസ്കാരങ്ങൾ. പെരുന്നാൾ ദിവസം സൂര്യൻ ഉദിച്ചത് മുതൽ ളുഹ്റ് വരെയാണ് ഇതിന്റെ സമയം. സൂര്യനുദിച്ച് ഏകദേശം 20 മിനുട്ട് കഴിഞ്ഞ ശേഷമാണ് ഉത്തമമായ സമയം തുടങ്ങുന്നത്. ളുഹ്റ് സമയം ആയാൽ പിന്നെ, അത് ഖളാഅ് ആയാണ് പരിഗണിക്കപ്പെടുക, യഥാസമയത്ത് നിർവഹിക്കാന് കഴിയാത്തവർക്ക് പെരുന്നാൾ നിസ്കാരം ഖളാഅ് വീട്ടലും സുന്നതാണ് (നിർണ്ണിത സമയമുള്ള എല്ലാ സുന്നത് നിസ്കാരങ്ങൾക്കും ഇത് ബാധകമാണ്).

പെരുന്നാൾ നിസ്കാരത്തിന്റെ നിയ്യത്ത് വെച്ച് സാധാരണ പോലെയുള്ള രണ്ട് റക്അത് സുന്നത് നിസ്കാരം നിർവഹിക്കലാണ് പെരുന്നാൾ നിസ്കാരത്തിന്റെ ഏറ്റവും ചുരുങ്ങിയ രൂപം. പൂർണരൂപം താഴെ വിശദീകരിക്കാം.

സുന്നതായ ചെറിയ പെരുന്നാൾ നിസ്കാരം, രണ്ട് റക്അത് ഖിബ്ലക്ക് മുന്നിട്ട് അല്ലാഹു തആലാക്ക് വേണ്ടി ഞാൻ നിസ്കരിക്കുന്നു എന്നാണ് നിയ്യത് ചെയ്യേണ്ടത്. (ജമാഅതാണെങ്കിൽ ഇമാമായി എന്നോ ഇമാമിനോട് കൂടി എന്നോ ചേർക്കലും സുന്നതാണ്). ശേഷം തക്ബീറതുൽ ഇഹ്റാമോട് കൂടി സാധാരണ പോലെ കൈ കെട്ടുക, എന്നിട്ട് ദുആഉൽഇഫ്തിതാഹ് (വജ്ജഹ്തു..) ഓതുക. ശേഷം 7 പ്രാവശ്യം തക്ബീർ (അല്ലാഹു അക്ബർ) ചൊല്ലുക, തക്ബീറുകൾക്കിടയിൽ سبحان الله والحمد لله ولا إله الا الله والله أكبر എന്ന് ചൊല്ലുക. ഈ തക്ബീറുകൾ സുന്നതാണ്, അഥവാ, മറന്നുപോയാൽ നിസ്കാരത്തിന്റെ സാധുതയെ ബാധിക്കില്ല, സഹഹ്വിന്റെ (മറവിയുടെ) സുജൂദ് ചെയ്യേണ്ടതുമില്ല.

ശേഷം സാധാരണപോലെ ഫാതിഹയും സൂറതും ഓതുക. ഒന്നാം റക്അതിൽ സൂറതുഖാഫ്, സൂറതുൽ അഅ്ലാ (സബ്ബിഹിസ്മറബ്ബിക) എന്നിവയിലൊന്നും രണ്ടാം റക്അതിൽ സൂറതുൽഖമർ (ഇഖ്തറബത്), സൂറതുൽ ഗാശിയ (ഹൽഅതാക) എന്നിവയിലൊന്നും ഓതലാണ് സുന്നത്. ശേഷം സാധാരണ പോലെ റുകൂഉം സുജൂദും ചെയ്യുക. രണ്ടാം റക്അതിലേക്ക് എണീറ്റ ശേഷം, ഒന്നാം റക്അതിലെ പോലെത്തന്നെ 5 തക്ബീറുകൾ ചൊല്ലുക, ശേഷം ആ റക്അതും പൂർത്തിയാക്കുക. അതോടെ നിസ്കാരം പൂർത്തിയായി. ജമാഅതായി നിസ്കരിക്കുമ്പോൾ, നിസ്കാരത്തിന് ശേഷം രണ്ട് ഖുതുബ ഓതൽ പ്രത്യേകം സുന്നതാണ്, നിർബന്ധമില്ല. അതേസമയം ഒറ്റക്ക് നിസ്കരിക്കുന്ന വേളയിൽ ഖുതുബ ഓതൽ സുന്നതില്ല താനും.

പെരുന്നാൾ നിസ്കാരത്തിന്റെ ഖുതുബക്ക് ജുമുഅയുടെ ഖുതുബയുടെ പല നിബന്ധനകളും ബാധകമല്ല. സ്വദേശികളായ നാൽപത് പേരുണ്ടാകണമെന്നില്ല. വീട്ടിൽ വെച്ച് ജമാഅത്തായി പെരുന്നാൾ നിസ്കാരം നിർവഹിക്കുന്നവര്ക്കും ഖുതുബ നിർവഹിക്കാമെന്ന് സാരം.

പെരുന്നാൾ നിസ്കാരം ജുമുഅ നിസ്കാരം പോലെ ഉറക്കെ (ജഹ്റ്) ഓതിയാണ് നിർവഹിക്കേണ്ടത്.

പെരുന്നാൾ നിസ്കാരം ജമാഅത്തായി നിർവഹിക്കലാണുത്തമമെങ്കിലും ബാങ്കും ഇഖാമതും സുന്നത്തില്ല. പകരം നിസ്കാരം ആരംഭിക്കുന്നതിന് മുമ്പ് അസ്സ്വലാത്തു ജാമിഅ എന്ന് വിളിച്ചുപറയൽ സുന്നത്താണ്.

പുരുഷന്മാരെ പോലെ സ്ത്രീകൾക്കും പെരുന്നാൾ നിസ്കാരം സുന്നത്താണ്. സ്ത്രീകൾക്കും ജമാഅത്തായി നിർവഹിക്കല് സുന്നത്താണ്. എന്നാൽ അവർ മാത്രം ജമാഅത്തായി നിർവഹിക്കുമ്പോള് ഖുതുബ സുന്നത്തില്ല. എങ്കിലും നിസ്കാരം കഴിഞ്ഞ ശേഷം അവരിലൊരാൾ എഴുന്നേറ്റ് പതുങ്ങിയ സ്വരത്തിൽ ചെറിയ ഉപദേശം നല്കുന്നതിൽ തെറ്റില്ല.പെരുന്നാൾ ദിവസങ്ങളിലെ പ്രത്യേകമായ മറ്റൊരു സുന്നതാണ് തക്ബീർ ചൊല്ലൽ. പള്ളികളിൽനിന്ന് ഇത്തവണ അവയും ഉണ്ടാവാനുള്ള സാധ്യത കുറവായതിനാൽ അക്കാര്യത്തിലും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

അല്ലാഹു നമ്മുടെ കർമ്മങ്ങളെല്ലാം സ്വീകരിക്കട്ടെ, മഹാമാരിയിൽ നിന്ന് മനുഷ്യകുലത്തിന് എത്രയും വേഗം മോചനം നൽകുമാറാവട്ടെ, ആമീൻ.

# ഒന്നാം ഖുത്വുബ

اللّهُ أكبَر، اللّهُ أكبَر، اللّهُ أكْبَر،
اللّهُ أكبَر، اللّهُ أكبَر، اللّهُ أكْبَر،
اللّهُ أكبَر، اللّهُ أكبَر، اللّهُ أكْبَر،
الحَمْدُ لِله الَّذِي مَنَّ عَلَيْنَا بِإتْمَامِ الصيّام، وَوَفَّقنا في لَيالِيها لِلْقِيَامِ ، واوْصَلَنا إِلَى عِيدِ الفِطْرِ مِنْ أيّامٍ عِظامٍ .أشْهَدُ أنْ لَا إِلَهَ إِلَّا اللّهُ ذُو الْجَلالِ والإكْرامِ، وَحْدَهُ لَا شَرِيكَ لَهُ وَهُوَ العَليُّ العَلّامُ، وَأَشْهَدُ اَنَّ سَيِّدَنا مُحَمَّدًا عَبْدُهُ وَرَسولُهُ إلى كافَّةِ الأنام، وَصَلَّى اللّهُ عَلى سَيِّدِنا مُحَمَّدٍ وَعَلَى آلِهِ وَصَحْبِهِ الكِرام وسَلَّم تَسْلِيماً .
اللّهُ أكبَر، اللّهُ أكبَر، اللّهُ أكْبَر،
لا إلَهَ إِلَّا اللّهُ اللّهُ أكبَر،
اللّهُ أكْبَرُ وَلِلّهِ الحَمْدُ .
أمَّا بَعْدُ ،
فَأُوصِيكُمْ وَإِيَّايَ بِتَقْوَى الله، يَقُولُ اللّهُ سُبْحَانَهُ : يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللّهَ حَقَّ تُقَاتِهِ وَلَا تَمُوتُنَّ إِلَّا وَأَنتُم مُّسْلِمُونَ .
اللّهُ أكبَر، اللّهُ أكبَر، اللّهُ أكْبَر،
لا إلَهَ إِلَّا اللّهُ اللّهُ أكبَر،
اللّهُ أكبَرُ وَلِلّهِ الحَمْد.
أَيُّها المُؤْمِنُون ،
هَذا يَوْمٌ مِنْ أفْضَلِ الأيّامْ، حَرَّمَ اللّهُ فِيهِ الصّيام ، وَشَرَعَ لَنَا فِيه التَّكْبِيرَ والتَّهْلِيل ، وَسَنَّ لَنَا فِيه رَكْعَتَيْنِ بِالتَّوَجُّهِ إِلَى المَلِكِ الجَلِيلِ ، وَأَوْجَبَ فِيه زَكاةَ الفِطْرِ عَلَى المُسْلِمِينَ ، طُعْمَةً لِلْمَسَاكِينَ ، وَطُهْرَةً لِلصَّائِمِينَ ، كَمَا عَلَّمَنا رَسولُ رَبِّ العالَمِينَ ، عَلَيْهِ صَلَواتُ رَبِّي وَسَلَامُهُ فِي كُلِّ وَقْتٍ وَحِين .
اللّهُ أكبَر، اللّهُ أكبَر، اللّهُ أكْبَر، ،
لا إلَهَ إِلَّا اللّهُ اللّهُ أكبَر ،
اللّهُ أكبَرُ وَلِلّهِ الحَمْد .
عِبادَ اللّه
إنَّ خَيْرَ الهَدْيِ هَدْيُ سَيِّدِ المُرْسَلِينَ ، وَخَيْرَ الكَلامِ كَلامُ رَبِّ العالَمِين ، وَهُوَ يَقُولُ : ﴿أَعُوذُ بِالله مِنَ الشَّيْطَانِ الرَجِيمِ﴾ ( بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ )
قَدْ أَفْلَحَ مَنْ تَزَكَّى ، وَذَكَرَ اسْمَ رَبِّهِ فَصَلَّى
بارَكَ اللّهُ لِي وَلَكُمْ فِي القُرْآنِ الكَرِيمِ ، وَنَفَعَنِي وَإيَّاكُمْ بِمَا فِيه مِنْ الآيَاتِ والذِّكْرِ الحَكِيم ،
أقُولُ قَوْلِي هَذَا وَأَسْتَغْفِرُ اللّهُ لِي وَلَكُم فاسْتَغْفَرُوهُ إنَّهُ هُوَ الغَفُورُ الرَّحِيمُ
يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلًا سَدِيدًا ، يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ ۗ وَمَن يُطِعِ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزًا عَظِيمًا.

# രണ്ടാം ഖുത്വുബ

اللَّهُ أكْبَر، اللَّهُ أكْبَر، اللَّهُ أكْبَر،
اللَّهُ أكْبَر، اللَّهُ أكْبَر، اللَّهُ أكْبَر،
اللَّهُ أكْبَر،

الحَمْدُ لِله، حَمْدًا كَثِيرًا طَيِّبًا ، أَشْهَدُ أَنْ لَا إِلَهَ إِلَّا اللَّهُ وَحْدَهُ لَا شَرِيكَ لَهُ ، وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسولُهُ ، وَصَلَّى اللَّهُ عَلَى سَيِّدِنا مُحَمَّدٍ وَعَلَى آلِهِ وَصَحْبِهِ أَجْمَعِين وَسَلَّمَ تَسْلِيماً.
اللَّهُ أكْبَر، اللَّهُ أكْبَر، اللَّهُ أكْبَر،
لَا إِلَهَ إِلَّا اللَّهُ اللَّهُ أكْبَر،
اللَّهُ أَكْبَرُ وَلِلَّهِ الحَمْدُ .

أَيُّها الإِخْوَةُ
إِنَّ هَذَا اليَوْمَ جَليلُ القَدْرِ ، وجَزيلُ الخَيْرِ ، فَأَكْثِرُوا فِيه مِنْ الذِّكْرِ والتَّهْليلِ والتَّكْبيرِ، وَسَارِعُوا إِلَى الخَيْرَاتِ ، وَتَقَرَّبُوا إِلَى اللَّهِ بِصُنوفِ الطَّاعَاتِ ، وَصِلُوا أرْحامَكُمْ ، وبِرُّوا أُمَّهاتِكُمْ وَآباءَكُمْ ، وَوَسِّعُوا عَلَى أَهْلِكُمْ وَأَوْلادِكُمْ ، وَعُودُوا مَرْضاكُمْ ، وَوَاسُوا فُقَراءَكُمْ ، وَارْفَعُوا أَيْدِيكُمْ إِلَى اللَّهِ رَبِّ الأَرْضِ والسَّماءِ ، أَنْ يَرْفَعَ عَنَّا وَعَنْ جَميعِ النّاسِ هَذَا الوَبَاءَ ، وَأَنْ يَدْفَعَ عَنَّا كُلَّ بَلاءٍ ، وافْعَلُوا الخَيْرَ لَعَلَّكُمْ تُفْلِحُونَ .
اللَّهُ أكْبَر، اللَّهُ أكْبَر، اللَّهُ أكْبَر،
لَا إِلَهَ إِلَّا اللَّهُ اللَّهُ أكْبَر ،
اللَّهُ أَكْبَرُ وَلِلَّهِ الحَمْدُ .

يَا أُمَّةَ سَيِّدِنا مُحَمَّدٍ صَلَّى اللَّهُ عَلَيْهُ وَسَلَّمَ
أَتْبِعُوا صِيامَكُمْ شَهْرَ رَمَضانَ بِسِتٍّ مِنْ شَوّالٍ وَقَالَ نَبِيُّنا صَلَّى اللَّهُ عَلَيْهِ وَسَلَّمَ : مَنْ صَامَ رَمَضانَ ثُمَّ أَتْبَعَهُ سِتًّا مِنْ شَوّالٍ ، كَانَ كَصِيامِ الدَّهْرِ .
اللَّهُ أكْبَر، اللَّهُ أكْبَر، اللَّهُ أكْبَر،
لَا إِلَهَ إِلَّا اللَّهُ اللَّهُ أكْبَر، ،
اللَّهُ أَكْبَرُ وَلِلَّهِ الحَمْدُ .

إنَّ اللهَ وَمَلَئِكَتَهُ يُصَلُّونَ عَلَى النّبِيّ يَا أَيُّهَا الّذِينَ آمنُوا صَلّوُا عَلَيْهِ وَسَلِّمُوا تَسْلِيمًا * اللهمَّ صَلِّ وَسَلِّمْ عَلَى رَسُولِكَ سَيِّدِنَا مُحَمَّدٍ وعَلى آلِ سَيِّدِنَا مُحَمَّد * وَارْضَ اللّهُمَّ عَنِ الْخُلَفَاءِ الْمَهْدِيِّينْ* وعنِ الصَّحَابَةِ والتَّابِعِينَ أَجْمَعِينْ*

اللهمّ اغْفِرْ لِلْمُؤْمِنِينَ والْمُؤْمِنَاتْ* وَالْمُسْلِمِينَ والْمُسْلِمَاتْ* الأَحْيَاءِ مِنْهُمْ والأَمْوات ، إِنَّكَ سَمِيعٌ قَرِيبٌ مُجِيبُ الدَّعَواتِ. اللَّهُمَّ ارْفَعِ الْوَبَاءَ عَنَّا وَعَنْ بِلَادِنَا وَعَنْ سَائِرِ بِلَادِ الْمُسْلِمِينَ عَامَّةً، يَا رَبَّ الْعَالَمِينَ، اللَّهُمَّ مَنْ أَصَابَهُمُ الْوَبَاءُ مِنْ عِبَادِكَ الْمُؤْمِنِينَ فَاجْعَلْهُ كَفَّارَةً لِسَيِّئَاتِهِمْ، وَرِفْعَةً فِي دَرَجَاتِهِمْ، وَعَافِهِمْ مِنْهُ. وَمَنْ قَضَوْا فِيهِ فَاغْفِرْ لَهُمْ وَارْحَمْهُمْ وَأَسْكِنْهُمُ الْجَنَّةَ، وَاخْلُفْ عَلَى أَهْلِيهِمْ بِخَيْرٍ.

اللَّهُمَّ اجْعَلْ جَمْعَنَا هَذَا جَمْعًا مَرْحومًا وَتَفَرُّقَنا مِنْ بَعْدِهِ تَفَرُّقًا مَعْصُومًا. وَلَا تَدَعْ فِينَا وَلَا مِنّا وَلا مَعَنَا شَقِيًّا وَلَا مَطْرودًا وَلا مَحْروماً

اللَّهُمَّ أَعِزَّ الإِسْلامَ وَالْمُسْلِمِينَ، وَوَحِّدْ صُفوفَهُمْ وَاجْمَعْ كَلِمَتَهُمْ عَلَى الحَقّ، واكْسِر شَوْكَةَ الظَّالِمِينَ .

رَبَّنا هَبْ لَنَا مِنْ أَزْواجِنا وَذُرّياتِنا قُرَّةَ أَعْيُنٍ وَاجْعَلْنَا لِلْمُتَّقِينَ إِمَامًا

رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الآخِرَةِ حَسَنَةً وَقِنَا عَذابَ النّارِ .

إِنَّ اللَّهَ يَأْمُرُ بِالْعَدْلِ وَالْإِحْسَانِ وَإِيتَاءِ ذِي الْقُرْبَىٰ وَيَنْهَىٰ عَنِ الْفَحْشَاءِ وَالْمُنكَرِ وَالْبَغْيِ ۚ يَعِظُكُمْ لَعَلَّكُمْ تَذَكَّرُونَ

تَقَبَّلَ اللَّهُ تَعَالَى مِنَّا وَمِنْكُمْ وَمِنَ الْمُسْلِمِينَ صَالِحَ الأَعْمَالِ، وَكُلُّ عَامٍ وَأَنْتُمْ إِلَى اللهِ أَقْرَب.

Islamonweb
THE WINDOW TO ISLAM

www.islamonweb.net

Islamonweb